**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 7** **23-08-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിനോടുള്ള കേന്ദ്ര സർക്കാരിന്റെ വിവേചനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഫെഡറൽ സംവിധാനത്തിൽ സംസ്ഥാന വികസനത്തിനാവശ്യമായ പിന്തുണ നൽകേണ്ടതിനുപകരം സംസ്ഥാനത്തിന് അർഹമായ വിഹിതം നിഷേധിക്കുകയും സംസ്ഥാനം ഏറ്റെടുക്കുന്ന വൻകിട പദ്ധതികൾ തടയാൻ ശ്രമിക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന കേന്ദ്ര സർക്കാരിന്റെ വിവേചനം തിരുത്തണമെന്ന് പ്രധാന മന്ത്രിയോട് നേരിട്ട് ആവശ്യപ്പെടുമോ എന്ന് വ്യക്തമാക്കുമോ; | (എ) | ജനങ്ങളുടെ ഉന്നമനത്തിനും, സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള പുരോഗതിക്കും ഊന്നൽ നൽകിയുള്ള വികസന പദ്ധതികൾ നടപ്പിലാക്കാൻ തന്നെയാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. സംസ്ഥാനത്തിന് അർഹമായ വിഹിതം നേടിയെടുത്ത് ഏറ്റെടുക്കുന്ന സിൽവർ ലെയിൻ ഉൾപ്പെടെയുള്ള വൻകിട പദ്ധതികൾ കൃത്യമായും ആസൂത്രിതമായും നടപ്പിലാക്കുവാൻ നിരന്തരം ശ്രമം നടത്തിവരുന്നു. ഇത്തരം വൻകിട പദ്ധതികൾ യഥാസമയം അനുവദിച്ചു കിട്ടാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനായി ബഹു. പ്രധാനമന്ത്രിയുടെയും, കേന്ദ്ര സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നതിന് നേരിട്ടും കത്തുകളിലൂടെയുമായി സംസ്ഥാനത്തിന്റെ ബന്ധപ്പെട്ട അധികാരികൾ നിരന്തരം ഇടപെടലുകൾ നടത്തിവരുന്നു. |
| (ബി) | സിൽവർ ലൈൻ ഉൾപ്പെടെയുള്ള സംസ്ഥാന പദ്ധതികൾക്ക് തടയിടാൻ ചില കേന്ദ്ര സഹമന്ത്രിമാർ നടത്തുന്ന ഇടപെടൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ; | (ബി) | ജനങ്ങളുടെ ഉന്നമനത്തിനും, സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള പുരോഗതിക്കും ഊന്നൽ നൽകിയുള്ള വികസന പദ്ധതികൾ നടപ്പിലാക്കാൻ തന്നെയാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. സംസ്ഥാനത്തിന് അർഹമായ വിഹിതം നേടിയെടുത്ത് ഏറ്റെടുക്കുന്ന സിൽവർ ലെയിൻ ഉൾപ്പെടെയുള്ള വൻകിട പദ്ധതികൾ കൃത്യമായും ആസൂത്രിതമായും നടപ്പിലാക്കുവാൻ നിരന്തരം ശ്രമം നടത്തിവരുന്നു. ഇത്തരം വൻകിട പദ്ധതികൾ യഥാസമയം അനുവദിച്ചു കിട്ടാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനായി ബഹു. പ്രധാനമന്ത്രിയുടെയും, കേന്ദ്ര സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നതിന് നേരിട്ടും കത്തുകളിലൂടെയുമായി സംസ്ഥാനത്തിന്റെ |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട അധികാരികൾ നിരന്തരം ഇടപെടലുകൾ നടത്തിവരുന്നു. |
| (സി) | സംസ്ഥാനത്തെ എം.പി. മാരിൽ മഹാഭൂരിപക്ഷവും പാർലമെന്റിൽ സംസ്ഥാന വികസന താത്പര്യത്തിന് വിരുദ്ധമായ നിലപാട് സ്വീകരിക്കുന്നുണ്ടെന്ന് പറയപ്പെടുന്ന സാഹചര്യത്തിൽ സംസ്ഥാന വികസനത്തിനനുഗുണമാകുന്ന തരത്തിൽ ഒറ്റക്കെട്ടായി നിൽക്കാൻ സംസ്ഥാന സർക്കാർ അവരോട് ആവശ്യപ്പെടുമോ? | (സി) | സംസ്ഥാനത്തിന്റെ വികസന താത്പ്പര്യത്തിന് വിരുദ്ധമായ നിലപാട് സംസ്ഥാനത്തെ എം.പിമാർ പാർലമെന്റിൽ സ്വീകരിച്ചാൽ, സംസ്ഥാനത്തിന് ലഭ്യമാകേണ്ട വികസനം ജനങ്ങൾക്ക് നഷ്ടമാകുമെന്ന യാഥാർത്ഥ്യം മനസ്സിലാകുന്ന രീതിയിലാണ് സർക്കാർ പ്രവർത്തിച്ചുവരുന്നത്. വർഷത്തിൽ മൂന്ന് തവണ മുഖ്യമന്ത്രി സംസ്ഥാനത്തിലെ എല്ലാ എം.പി.മാരുമായും സമ്മേളനം വിളിച്ച് ചേർക്കാറുണ്ട്. 02.07.2022-ന് നടന്ന എം.പിമാരുടെ സമ്മേളനത്തിൽ, സംസ്ഥാനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരണമെന്നും, പ്രസ്തുത സമ്മേളനത്തിൽ ചർച്ച ചെയ്യാൻ കഴിയാതിരുന്നതും അജണ്ടയിൽ ഉൾപ്പെട്ടതുമായ മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേലും എം.പി.മാരുടെ ഇടപെടൽ ഉണ്ടാകേണ്ടതാണെന്നും മുഖ്യമന്ത്രി എം.പി.മാരോട് ആവശ്യപ്പെടുകയുണ്ടായി. |

സെക്ഷൻ ഓഫീസർ